ശ്രീ. ടി. കെ. നാരായണപിള്ള : ചില പ്രത്യേക അവസരങ്ങളിൽ കൊടുത്തിട്ടുണ്ട്.

Sri. P. Balakrishnan Tampi : Am I to understand, Sir, that such buildings will be available for all political parties?

Mr. Speaker : That is not a supplementary question.

ശ്രീ. സി. വി. ഇയ്യു : ഈ കെട്ടിടങ്ങൾ ഇങ്ങനെയുള്ള ആവശ്യങ്ങൾക്ക് കൊടുക്കുമ്പോൾ അവരിൽനിന്നും വാടകയോ മറ്റോ ഈടാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. സി. വി. ഇയ്യു: വിട്ടുകിട്ടിയ കൊട്ടാരങ്ങളിൽ എന്തു ചെയ്യുകയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : അവയിൽ ആഫീസുകൾ ഇട്ടിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : ഡൽഹിയിൽ തിരുവിതാംകൂർ ഹൗസ്സ് എന്തു ഉപയോഗത്തിനായിട്ട് ഇട്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ കുറിച്ച് പ്രത്യേകം ഒരു ചോദ്യം ഉണ്ട് അപ്പോൾ പറയാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ആലപ്പുഴ കൊട്ടാരത്തിൽ ആഫിസ് ഇട്ടിരിക്കുന്നതു മെയിൻബിൽഡിംഗിൽ ആണോ?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ലാ, ബിൽഡിംഗിന്റെ ഒരു ഭാഗത്താണ്. മാറ്റാൻ സാധിക്കുകയില്ല.

ഡെൽഹികൊട്ടാരവും, കൊല്ലം കൊട്ടാരവും

*ഇൻ ൦. (൫൦) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഡെൽഹിയിലെ കൊട്ടാരവും കൊല്ലം റയിൽവെ കൊട്ടാരവും വിട്ടുകിട്ടിയോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

രണ്ടും കിട്ടിയിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ : ഡെൽഹികൊട്ടാരത്തെ എന്തു ഉപയോഗത്തിനായിട്ട് വെച്ചിരിക്കുകയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് റഷ്യൻ എംബസിക്ക് വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്.

ശ്രീ. കെ. എ. മാത്യു : കൊല്ലം റെയിൽവെ കൊട്ടാരം എന്തു ഉപയോഗത്തിനായിട്ട് വച്ചിരിക്കുകയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ കൊട്ടാരം ഒരു ലൈബ്രറിയുടെ ആവശ്യത്തിന് കിട്ടണമെന്ന കാണിച്ച് അപേക്ഷകൾ ഉണ്ട്. അതു അനുവദിച്ചിട്ടില്ല. ഒരുപക്ഷെ മഹാരാജാവു് ചില അവസരങ്ങളിൽ യാത്ര ചെയ്യുമ്പോൾ താമസിക്കേണ്ടിവരുമെന്നുള്ളതുകൂടി നാം ആലോചിക്കണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഡൽഹികൊട്ടാരം എത്ര രൂപാക്ക ആണ് വാടകയ്ക്ക് കൊടുത്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആണ്ടിൽ ൩,൩ ൦ ൦ രൂപ വാടകയ്ക്ക്.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഈ വാടക ആരാണ് പിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ഗവണ്മെണ്ടതന്നെ.

ശ്രീ. ആർ. ശങ്കർ : ഡൽഹിയിലെ കൊച്ചിൻ ഹൗസും വാടകയ്ക്ക് കൊടുത്തിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ.

ഹരിജൻ വിദ്യാഭ്യാസസഹായം

*൫൯൨. (൫൨) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ അപ്പീലിഫ്റവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ, കോയിപ്രം, പല്ലാട്ട്, എസ്സ്. വി. ഇംഗ്ലീഷ് സ്കൂളിൽ അദ്ധ്യായനം നടത്തുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവദിച്ചിട്ടുള്ള സഹായധനം ലഭിച്ചിട്ടില്ലെന്നുള്ള വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടികൾ കൈക്കൊണ്ടു?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) ഉണ്ട്.

(ബി) സഹായധനം കൊടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : മാനേജ്മെണ്ടു് സ്കൂളുകളെ സംബന്ധിച്ചു് ഈ വിവരം ഗവണ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനുവേണ്ട നടപടി എടുക്കുന്നുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ വിഷയത്തിൽ ഇൻഡ്യാഗവണ്മെണ്ടിന്റെ അനുവാദം ആവശ്യമാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ആവശ്യമില്ല.

ശ്രീ. പി. ചാക്കോ : ഈ ധനസഹായം പിന്നോക്ക സമുദായത്തിൽപ്പെട്ട എല്ലാവർക്കും കൊടുക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനു് വ്യവസ്ഥ ഉണ്ടു്.

പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു് എടുത്തിട്ടുള്ള ആളുകൾ

*൫൯൩. (൫൩) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൪൦ മാർച്ചിനുശേഷം പോലീസ് ഡിപ്പാർട്ടുമെൻറിലേക്ക് എത്ര ആളുകളെ എടുത്തു;

(ബി) അവരുടെ യോഗ്യതകൾ എന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ൧൯൭൫.

(ബി) അവരുടെ വിദ്യാഭ്യാസയോഗ്യതകൾ അടങ്ങിയ ലിസ്റ്റ് വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly